(എ) സംസ്ഥാനത്ത് പുതിയ സഹകരണ പരിശീലന കേന്ദ്രം സ്ഥാപിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ കാസർഗോഡ് ജില്ലയിൽ ഒരു കേന്ദ്രം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) തൽക്കാലം പരിഗണനയിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

178 (2556) സുൽത്താൻ ബത്തേരി കോ-ഓപ്പറേറ്റീവ് അർബൺ ബാങ്കിലെ നിയമനം

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻ ബത്തേരി കോ-ഓപ്പറേറ്റീവ് അർബൻ ബാങ്കിലെ നിയമനവുമായി ബന്ധപ്പെട്ട് നടത്തിയ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) ക്രമക്കേടുകൾ നടത്തിയ ഭരണസമിതിക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സുൽത്താൻ ബത്തേരി സഹകരണ അർബൺ ബാങ്കിൽ 11 ക്ലാർക്കുമാരേയും 2 പ്യൂൺമാരേയും നിയമിച്ച നടപടി ക്രമവിരുദ്ധമായതിനാൽ നിയമനം നടത്തുന്നതിനായി ഭരണസമിതി കൈക്കൊണ്ട തീരുമാനങ്ങൾ സഹകരണ നിയമം 176 പ്രകാരം റദ്ദുചെയ്യുകയും ഇപ്രകാരം നിയമിച്ചവരെ 15 ദിവസത്തിനകം പിരിച്ചുവിടണമെന്നു നിർദ്ദേശം നൽകികൊണ്ട് ജോയിന്റ് രജിസ്ട്രാർ 22-5-99-ൽ ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്തു. അതനുസരിച്ചു നിയമനം ലഭിച്ചവരെ 28-5-99-ൽ ബാങ്കിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട്.

(സി) ഭരണസമിതിക്കെതിരെ സഹകരണ സംഘം നിയമം 32 വകുപ്പു പ്രകാരം ജോയിന്റ് രജിസ്ട്രാർ നടപടി സ്വീകരിക്കുകയും അതുപ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുമുണ്ടായി. എന്നാൽ അതിനെതിരെ ഒരു ഭരണസമിതി അംഗം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും കോടതി ഉത്തരവുപ്രകാരം നോട്ടീസിന്മേലുള്ള തുടർ നടപടികൾ നിർത്തിവച്ചിരിക്കുകയുമാണ്.

179 (2557) സെക്രട്ടേറിയറ്റ് സഹകരണ സംഘത്തിലെ സ്ഥിര നിക്ഷേപം

ശ്രീ. ബി. വിജയകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് സ്റ്റാഫ് സഹകരണ സംഘത്തിലെ 3775-ാം നമ്പർ അംഗം ശ്രീമതി ആർ. വിജയമ്മ സംഘത്തിലെ തന്റെ സ്ഥിര നിക്ഷേപത്തിൽ നിന്നും എടുത്ത വായ്പ പലിശയടക്കം തിരിച്ചടച്ചത് വരവ് വയ്ക്കാത്തത്

LIBRARY ARCHIVES Kerala Legislative Assembly